A

शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

403

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016–17

സ്റ്റാൻഡേർഡ് - IV

## ഗണിതം

സമയം: 2 മണിക്കൂർ

കുട്ടിയുടെ പേര് ..........................................................

വിദ്യാലയത്തിന്റെ പേര് ..........................................................

ഡിവിഷൻ ..........................................................

രക്ഷിതാവിന്റെ ഒപ്പ് ..........................................................

അധ്യാപകന്റെ ഒപ്പ് ..........................................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ഗ്രേഡ് |
|---|---|---|
| 1 | സൈക്കിൾക്കടയിൽ | |
| 2 | ഓണാഘോഷം | |
| 3 | ഓട്ടമത്സരം | |
| 4 | തീവണ്ടി സമയം | |
| 5 | ബാങ്കിലേയ്ക്ക് | |
| | ഓവറോൾ ഗ്രേഡ് | |

### പ്രവർത്തനം 1 – സൈക്കിൾക്കടയിൽ

അവധിക്കാലത്ത് മീനുവിനും, ബിജുവിനും, റഹീമിനും, ആൻസിക്കും സൈക്കിളുകൾ വാങ്ങി. ഓരോരുത്തരും കടയിൽ കൊടുത്ത നോട്ടുകളുടേയും നാണയങ്ങളുടേയും എണ്ണം താഴെകൊടുത്തിരിക്കുന്നു. സൈക്കിളുകളുടെ വില കണ്ടെത്താം.

| കറൻസി നോട്ടുകളും നാണയങ്ങളും | പേര് | | | |
|---|---|---|---|---|
| | മീനു | ബിജു | റഹീം | ആൻസി |
| 1000 രൂപ നോട്ടുകളുടെ എണ്ണം | 3 | 4 | 5 | 3 |
| 100 രൂപ നോട്ടുകളുടെ എണ്ണം | 2 | 5 | 8 | 9 |
| 10 രൂപ നോട്ടുകളുടെ എണ്ണം | 5 | 2 | 6 | |
| ഒരു രൂപ നാണയങ്ങളുടെ എണ്ണം | 2 | | 4 | 8 |
| സൈക്കിളുകളുടെ വില | | | | |

ബിജു സൈക്കിൾ വാങ്ങിയതിന് ശേഷം ഒരു മഴക്കോട്ട് കൂടി വാങ്ങി. ആകെ 5125 രൂപയായി. ഈ തുകയെ ഏതൊക്കെ രീതിയിൽ മാറ്റിയെഴുതാം?

---------പത്തുകൾ, --------ഒന്നുകൾ

--------ഒന്നുകൾ — 5125 — 5 ആയിരം, 1 നൂറ്,-------പത്ത്,-------ഒന്ന്

----നൂറുകൾ, -----പത്തുകൾ, -----ഒന്നുകൾ

പ്രവർത്തനം: 2 - ഓണാഘോഷം

ലാലുവിന്റെ സ്കൂളിൽ ഓണാഘോഷ പരിപാടി നടത്താൻ തിരുമാനിച്ചു. വിവിധ കുടുംബശ്രീ യൂണിറ്റുകൾ നൽകിയ സംഭാവനകൾ താഴെ കൊടുത്തിരിക്കുന്നു.

| കുടുംബശ്രീ യൂണിറ്റുകൾ | നൽകിയ സംഭാവനകൾ |
|---|---|
| പുലരി | 4610 രൂപ |
| ഐശ്വര്യ | 2675 രൂപ |
| നന്മ | 3750 രൂപ |
| പൗർണമി | 3600 രൂപ |
| ദീപം | 2500 രൂപ |

1. ഏറ്റവും കൂടുതൽ തുക സംഭാവന നൽകിയ കുടുംബശ്രീ യൂണിറ്റിന്റെ
   പേര്: ____________________

2. ഏറ്റവും കുറഞ്ഞ തുക സംഭാവന നൽകിയ കുടുംബശ്രീ യൂണിറ്റിന്റെ
   പേര്: ____________________

3. ലഭിച്ച സംഭാവനകളെ ചെറുതിൽ നിന്ന് വലുതിലേക്ക് എഴുതുക.

4. ലഭിച്ച സംഭാവനകളെ വലുതിൽ നിന്ന് ചെറുതിലേക്ക് എഴുതുക.

5. രണ്ട് രീതിയിലെഴുതിയപ്പോഴും സ്ഥാനം മാറാത്ത
   സംഖ്യ ഏത്?

## പ്രവർത്തനം - 3 - ഓട്ടമത്സരം

കായിക ദിനത്തോടനുബന്ധിച്ച് നവോദയ ക്ലബ്ബ് പുരുഷൻമാരുടെ 800 മീറ്റർ ഓട്ടമത്സരം നടത്തി. മത്സരത്തിൽ പങ്കെടുത്തവരുടെ പേരും അവർ ഓടിയെത്താനെടുത്ത സമയവും താഴെ കൊടുത്തിരിക്കുന്നു.

| പേര് | ഓടിയെത്താനെടുത്ത സമയം |
|---|---|
| ബാബു | 190 സെക്കന്റ് |
| റഷീദ് | 3 മിനുട്ട് 25 സെക്കന്റ് |
| ജിത്തു | 180 സെക്കന്റ് |
| ബെന്നി | 175 സെക്കന്റ് |

- ആരാണ് ജയിച്ചത്? [ ]
- എത്ര മിനുട്ടും എത്ര സെക്കന്റുമെടുത്താണ് വിജയിച്ചയാൾ ഓടിയെത്തിയത്?

----------മിനുട്ട് ----------സെക്കന്റ്

- കൂടുതൽ സമയമെടുത്തതാര്? [ ]
- അവസാനം ഓടിയെത്തിയ ആൾ എത്ര സമയമെടുത്തു ? [ ] സെക്കന്റ്
- ഒന്നാമതെത്തിയ ആളും അവസാനമെത്തിയ ആളും ഓടിയെത്താനെടുത്ത സമയങ്ങളുടെ വ്യത്യാസമെത്ര? [ ]

## പ്രവർത്തനം - 4 - തീവണ്ടി സമയം

ടിക്കറ്റ് ബുക്ക് ചെയ്യാൻ രാജേഷ് അച്ഛന്റെകൂടെ തൃശ്ശൂർ റയിൽവേ സ്റ്റേഷനിലെത്തി. അവിടെക്കണ്ട തീവണ്ടി സമയം അവൻ എഴുതിയെടുത്തു. അതിനെ 12 മണിക്കൂർ ക്ലോക്കിലേയ്ക്ക് മാറ്റി എഴുതുക.

| വണ്ടി നമ്പർ | തീവണ്ടിയുടെ പേര് | തീവണ്ടി പുറപ്പെടുന്ന സമയം | തീവണ്ടി പുറപ്പെടുന്ന സമയം (am/pm) |
|---|---|---|---|
| 17229 | ശബരി എക്സ്പ്രസ് | 13.00 | |
| 12625 | കേരള എക്സ്പ്രസ് | 17.00 | |
| 16525 | ഐലന്റ് എക്സ്പ്രസ് | 19.05 | |
| 12521 | രപ്തിസാഗർ സൂപ്പർഫാസ്റ്റ് എക്സ്പ്രസ് | 10.50 | |
| 16317 | ഹിമസാഗർ എക്സ്പ്രസ് | 20.42 | |

- രാജേഷും കുടുംബവും കേരള എക്സ്പ്രസിൽ പുറപ്പെട്ടു. കോയമ്പത്തൂരിൽ എത്തിച്ചേർന്നത് 19.55 നാണ്.

യാത്രക്കെടുത്ത സമയമെത്ര?

__________ മണിക്കൂർ __________ മിനുട്ട്

**പ്രവർത്തനം: 5 ബാങ്കിലേയ്ക്ക്**

ബാങ്കിൽ മനു, റഹിം, ജോയി എന്നിവർ 1270, 1350, 1760 എന്നിങ്ങനെ തുകകൾ നിക്ഷേപിച്ചു.

- റഹീമും ജോയിയും നിക്ഷേപിച്ച ആകെ തുകയുടെ ഇരട്ടിയാണ് ലക്ഷ്മി നിക്ഷേപിച്ച തുക.
- ജോണിയുടെ നിക്ഷേപം ലക്ഷ്മിയും നൗഫിയയും നിക്ഷേപിച്ച ആകെ തുകയ്ക്ക് തുല്യമാണ്.
- നൗഫിയയുടെ നിക്ഷേപം മനുവും റഹീമും നിക്ഷേപിച്ച ആകെ തുകയുടെ പകുതിയാണ്.

ഏറ്റവും കൂടുതൽ തുക നിക്ഷേപിച്ചതാര് ? എത്ര രൂപ ?

**ചോദ്യത്തിൽ നിന്നും നിങ്ങൾക്ക് മനസ്സിലായ കാര്യങ്ങൾ ചുവടെ കളങ്ങളിൽ എഴുതുക.**

**ഉത്തരം കണ്ടെത്തുക.**

കൂടുതൽ തുക നിക്ഷേപിച്ച ആൾ ? തുക